**week -2**

# Sharing LOve (John13:34)

**(പൂരിപ്പിക്കുന്ന സ്നേഹം- യോഹ:13:34)**



ആത്മ സുഹൃത്തുക്കളായ പണ്ട് യുവാക്കളിൽ ഒരാൾ മുടന്തനും മറ്റേയാൾ അന്ധനുമായിരുന്നു. ഇവരുടെ ദൃഢമായ സ്നേഹത്തിന്റെ മാനദണ്ഡം, മുടന്തൻ കാഴ്ചയുള്ളവനും , അന്ധൻ ആരോഗ്യദൃഢഗാത്രനുമായിരുന്നു. അതിനാൽ അന്ധന്റെ തോളിലിരുന്ന് വഴിയുടെ സൂചനകളും , വഴിയിലെ കാഴ്ചകളും വിവരിക്കുന്നത് മുടന്തനായിരുന്നു.പരസ്പര പൂരകമായ സ്നേഹത്തോടെ ഇവർ സന്തോഷമായി ജീവിച്ചു. ഇന്ന് കണ്ണും ,കാലും പ്രവർത്തനക്ഷമതയുള്ളതായിട്ടും എത്രപേർ ഇവരെപ്പോലെ കഴിയുന്നു. ഇന്ന് സ്വാർത്ഥത സ്നേഹത്തെ കീഴ്പ്പെടുത്തുന്നു.

ഇതുപോലെ വയലിൽ ജോലിചെയ്ത് ലാഭം വീതിക്കുന്ന രണ്ട് സഹോദരൻമാരിൽ ഒരുവൻ വിവാഹിതനും , വലിയൊരു കുടുംബ

സ്ഥനും, മറ്റേയാൾ അവിവാഹിതനും ആയിരുന്നു. ഒരിക്കൽ വിവാഹിതൻ ചിന്തിച്ചു എന്നെ കരുതുവാൻ വാർദ്ധക്യത്തിൽ സംരക്ഷിപ്പാൻ എനിക്ക് ആളുണ്ട്. എന്നാൽ എന്റെ സഹോദരന് ആരും ഇല്ലാത്തതിനാൽ ഞാൻ അവനെ കരുതുംഎന്ന് തീരുമാനിച്ചു. രാത്രിയിൽ ധാന്യം , സഹോദരൻ അറിയാതെ അവന്റെ പത്തായത്തിലിട്ടുകൊടുത്തു. എല്ലാ കാർഷിക വിളകളുടേയും നല്ല പങ്ക് അവനായി നൽകി, സാമ്പത്തീക ബുദ്ധിമുട്ടും ഉണ്ടാകാതെ സൂക്ഷിച്ചു. ഇതുപോലെ അവിവാഹിതനും തന്റെ സഹോദരന്റെ വലിയകുടുംബത്തെ ജ്യേഷ്ഠനറിയാതെ , അദ്ദേഹം ചെയ്തതുപോലെ തന്നെ കരുതി. ഒരുദിവസം രാത്രി അവർ തമ്മിൽ , പ്രവർത്തി ചെയ്യുമ്പോൾ കണ്ടുമുട്ടി. അവർ ചാക്കുകെട്ടുകൾ താഴെയിട്ട് പരസ്പരം ആലിംഗബദ്ധരായി തീർന്നു. അപ്പോൾ മാത്രമാണ് അവരുടെ സമ്പത്തിൽ കുറവുവരാത്തതിന്റെ കാരണം അവർക്ക് മനസ്സിലായത്.

ഈ പരസ്പരപൂരിതമായ സ്നേഹം നാമുംകണ്ടു പഠിക്കേണ്ടതാണ്.. സ്വയത്തെ മുറുകെ പിടിക്കാതിരുന്നാൽ ബലവാനും ബലഹീനനും തമ്മിൽ ഇപ്രകാരം സ്നേഹിപ്പാൻ കഴിയും.

ഭൗതീക സമ്പത്തു മാത്രമല്ല ആത്മീക സമ്പത്തും പങ്കുവയ്ക്കേണ്ടതാണ്. സ്നേഹത്തിനും ഐക്യത്തിനും കുറവുവരുത്താത്തതാണ് സ്വർഗ്ഗീയ സ്നേഹം. ഇന്ന് എവിടെയും ബലഹീനനെ ചതിക്കുകയും , വഞ്ചിക്കുകയും ചെയ്യുന്നവരെ കാണാം. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന് അവൻ പഠിപ്പിച്ചിട്ടും പലരും അത് മറക്കുന്നു. സ്നേഹം സ്വാർത്ഥം അന്വേഷിക്കുന്നില്ല.ദോഷം കണക്കിടുന്നില്ല. --------------Read(1 കൊരി:13)

എന്ന് മനസ്സിലാക്കി പരസ്പര പൂരിതമായ സ്നേഹത്തോടെ മുൻപോട്ടു പോകുവാൻ ദൈവം സഹായിക്കട്ടെ.

## പ്രാർത്ഥന

സ്നേഹത്തിന്റെ മഹത്വം ഞങ്ങളെ പഠിപ്പിച്ച ദൈവമേ ! മറ്റുള്ളവരോട് ക്ഷമിപ്പാനും ദയ കാണിപ്പാനും കൃപ നൽകേണമേ. ഞങ്ങളുടെ പാപത്തിന്റെ ശിക്ഷ അങ്ങ് ഏറ്റു വാങ്ങിയത് അങ്ങയുടെ വലിയ സ്നേഹമാണ്. വില മതിക്കാനാവാത്ത സ്നേഹം ഞങ്ങളിൽ ചൊരിഞ്ഞതിനായി സ്തോത്രം . എല്ലാം പിതാവിന്റെ നാമത്തിൽ തന്നേ ആമേൻ

Santhamma Varghese